**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3207** **07-10-2025 - ൽ മറുപടിയ്ക്ക്**

**വളപട്ടണം സി.എച്ച്. മുഹമ്മദ്കോയ സ്മാരക ഗവ: ഹയർസെക്കണ്ടറി സ്കൂളിലെ ഗ്രൗണ്ട് നവീകരണ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | അഴീക്കോട് മണ്ഡലത്തിലെ വളപട്ടണം സി. എച്ച്. മുഹമ്മദ്കോയ സ്മാരക ഗവ: ഹയർസെക്കണ്ടറി സ്കൂളിൽ കായിക വകുപ്പ് മുഖേന നടത്തുന്ന ഗ്രൗണ്ട് നവീകരണ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ; പ്രസ്തുത പ്രവൃത്തി എത്ര ശതമാനം പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | കണ്ണൂർ ജില്ലയിലെ അഴീക്കോട് നിയോജക മണ്ഡലത്തിലെ വളപ്പട്ടണം സി.എച്ച്.എം.കെ.എസ്. മെമ്മോറിയൽ ജി.എച്ച്.എസ്.എസിലെ കായിക അടിസ്ഥാന സൗകര്യ വികസന പ്രവൃത്തിക്കായി ബഹു. അഴീക്കോട് നിയോജക മണ്ഡലം എം.എൽ.എയുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലാ കളക്ടറുടെ 30.08.2024. ലെ നടപടിക്രമം പ്രകാരം 65.00 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. 60.18 ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിയ്ക്ക് ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. ഇതനുസരിച്ച് ലഭിച്ച ദർഘാസിൽ യോഗ്യത നേടി ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. അബ്ദുൾ ഷെരീഫ്, കാസർഗോഡ് എന്ന കരാറുകാരനാണ് 46.76 ലക്ഷം രൂപയ്ക്ക് ടി പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത്. പ്രസ്തുത പ്രവൃത്തിയിൽ പ്രധാനമായും മഡ് ഫുട്ബോൾ കോർട്ട്, ക്രിക്കറ്റ് പ്രാക്ടീസ് പിച്ച്, ഫെൻസിംഗ്, സ്റ്റെപ്പ് ഗ്യാലറി, ആർ.സി.സി ഡ്രെയിൻ, കോമ്പൗണ്ട് വാളിന്റെ നവീകരണം, ഗേറ്റ് എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. സ്റ്റെപ്പ് ഗ്യാലറിയുടെ നിർമ്മാണം പൂർത്തീകരിച്ചു. ഫെൻസിംഗിന്റെ നിർമ്മാണം 75% പൂർത്തീകരിച്ചിട്ടുണ്ട്. 70% പ്രവൃത്തികൾ ഇതു വരെ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദാംശം നൽകാമോ? | (ബി) | പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് തടസ്സങ്ങളൊന്നുമില്ല. 2025 ഡിസംബർ മാസം അവസാനത്തോടു കൂടി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ